LIBRARY ARCHIVES Kerala Legislative Assembly

കൈരളി ഭവന നിർമ്മാണ പദ്ധതി

26 [3550] *ശ്രീ. കളത്തിൽ അബ്ദുള്ള :*
„ *പി. കെ. അബ്ദുറബ്ബ് :*
„ *പി. കെ. കെ. ബാവ :*
„ *സി. മമ്മൂട്ടി :*
„ *ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദുർബല വിഭാഗങ്ങൾക്ക് ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കിയ കൈരളി ഭവന നിർമ്മാണ പദ്ധതിയുടെ വായ്പാ കുടിശ്ശിക എത്രയുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ തുക എഴുതി തള്ളുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 31-12-2004 വരെയുള്ള താൽക്കാലിക കണക്ക് അനുസരിച്ച് കുടിശ്ശികയിനത്തിൽ മാത്രമായി (മുതൽ, പലിശ, പിഴപ്പലിശ ഉൾപ്പെടെ) 10,98,99,440 രൂപയിലധികം പിരിഞ്ഞു കിട്ടുവാനുണ്ട്.

(ബി) ഹഡ്കോ തുടങ്ങിയ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്താണ് ഈ പദ്ധതി നടത്തിപ്പിനാവശ്യമുള്ള ഫണ്ട് ഹൗസിംഗ് ബോർഡ് സ്വരൂപിച്ചത്. ഇത് മുതലും പലിശയും സഹിതം ബോർഡ് തിരിച്ചടച്ചുവരുന്നതാണ്. അതിനാൽ ഈ തുക എഴുതി തള്ളാൻ നിർവ്വാഹമില്ല.

ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം

27 [3551] *ശ്രീ. കോവൂർ കുഞ്ഞുമോൻ:*
„ *എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ വരുമാനം കുറഞ്ഞ പാവപ്പെട്ടവർക്ക് വേണ്ടിയുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(സി) മൈത്രീ ഭവന പദ്ധതിയുടെ പ്രവർത്തനം അവസാനിപ്പിച്ചോ;

(ഡി) തൊഴിലാളി ക്ഷേമനിധി ബോർഡുകൾവഴി തൊഴിലാളികൾക്ക് മാത്രമായി ഒരു ഭവന നിർമ്മാണ പദ്ധതി പുതുതായി ആവിഷ്ക്കരിക്കുന്ന കാര്യം ആലോചിക്കുമോ;

(ഇ) ഭവന നിർമ്മാണ ബോർഡിന്റെ കീഴിൽ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ ഓഫീസുകൾ വഴിയാണോ വായ്പ നൽകി വരുന്നത്;

(എഫ്) ഭവന നിർമ്മാണ ബോർഡിൽ ആകെ എത്ര ജീവനക്കാർ പണിയെടുക്കുന്നു; ഏതെല്ലാം തസ്തികകളിൽ എന്ന് വ്യക്തമാക്കുമോ;

(ജി) ബോർഡിലെ ജീവനക്കാർക്ക് ഒരു മാസം ശമ്പളം ഇനത്തിൽ മാത്രം എത്ര രൂപയാണ് ചെലവിടുന്നത്.

ഉത്തരം

(എ) 1. പൊതു ഭവന നിർമ്മാണ പദ്ധതി
2. മൈത്രീ ഭവന വായ്പാ പദ്ധതി
3. റവന്യൂ ടവറുകൾ
4. കമേഴ്സ്യൽ കോംപ്ലക്സുകൾ
5. ഹാബിറ്റാറ്റ് സെന്റർ
6. കാരുണ്യ ഭവന പദ്ധതി
7. ലക്ഷം വീട് പദ്ധതിയിലെ വീടുകൾ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി
8. സുനാമി ദുരിത ബാധിതർക്കുവേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതി
9. വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ
10. സുരക്ഷാ ഭവന പദ്ധതി
11. ആക്കുളം ടൗൺഷിപ്പ് പദ്ധതി
12. കൊച്ചി മറൈൻഡ്രൈവ് എക്കോ ടൗൺഷിപ്പ് പ്രോജക്ട്

(ബി) 1. മൈത്രീ ഭവന പദ്ധതി
2. കാരുണ്യ ഭവന പദ്ധതി
3. ലക്ഷംവീട് പദ്ധതിയിലെ വീടുകൾ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി
4. സുനാമി ദുരിത ബാധിതർക്കുവേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതി
5. സുരക്ഷ ഭവന പദ്ധതി

(സി) മൈത്രീ ഭവന പദ്ധതി പ്രകാരം പുതിയ അപേക്ഷകൾ സ്വീകരിക്കുന്നില്ല. എന്നാൽ ഒന്നാം ഗഡു വായപ വാങ്ങിയിട്ടുള്ള ഗുണഭോക്താക്കൾക്ക് അവരുടെ വീടുകൾ പൂർത്തിയാക്കുന്നതിന് നിർമ്മാണ പുരോഗതി കണക്കിലെടുത്ത് രണ്ടും മൂന്നും വായ്പാ ഗഡുക്കൾ നൽകി വരുന്നുണ്ട്.

(ഡി) ഇപ്പോൾ സർക്കാരിന്റെ പര ിഗണനയിലില്ല.

(ഇ) ഭവന നിർമ്മാണ ബോർഡിന്റെ കീഴിൽ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഡിവിഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഓഫീസുകൾക്ക് പുറമേ (തിരുവനന്തപുരം ഡിവിഷൻ ഓഫീസ് ഒഴികെ) ബോർഡിന്റെ ജില്ലാ/ബ്രാഞ്ച് ഓഫീസുകൾ വഴിയാണ് വായ്പ നൽകുന്നത്.

(എഫ്) ഭവന നിർമ്മാണ ബോർഡിൽ ആകെ 709 സ്ഥിരം ജീവനക്കാർ പണിയെടുക്കുന്നു. തസ്തിക തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ജി) 90,70,165 രൂപ.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly